പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3830 26.06.2012-ൽ മറുപടിയ്ക്ക്

# വ്യവസായ വാണിജ്യവകുപ്പിലെ ഒഴിവുള്ള തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്ജ് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ഡിസ്ട്രിക്ട് ആഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളിൽ നിലവിൽ ഏതെല്ലാം ഒഴിഞ്ഞു കിടക്കുന്നു; ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) വ്യവസായ വാണിജ്യ വകുപ്പിൽ അസിസ്റ്റന്റ് ജില്ലാ വ്യവസായ ആഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല. മറ്റുള്ള തസ്തികകളിലെ ഒഴിവ് വിവരം ചുവടെ ചേർക്കുന്നു.<br>അഡീഷണൽ ഡയറക്ടർ - 1<br>(വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം)<br>ഡെപ്യൂട്ടി ഡയറക്ടർ - 2<br>(കൊല്ലം-1, തിരുവനന്തപുരം-1)<br>അസിസ്റ്റന്റ് ഡയറക്ടർ - 2<br>(തിരുവനന്തപുരം-2) |
| (ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവോ; | (ബി) നടപടി സ്വീകരിച്ചുവരുന്നു. |
| (സി) 2012 മേയ് മാസത്തിൽ റിട്ടയർ ചെയ്ത ഒഴിവുകൾ ഏതെങ്കിലും പ്രൊമോഷൻ മുഖേന നികത്തിയോ; വ്യക്തമാക്കുമോ; | (സി) അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ആഫീസർ എന്നീ തസ്തികകളിൽ 2012 മേയ് മാസം വിരമിക്കൽ മുഖേനയുണ്ടായ ഒഴിവുകളെല്ലാം തന്നെ പ്രൊമോഷൻ മുഖേന നികത്തിയിട്ടുണ്ട്. രണ്ട് ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ഒരു അഡീഷണൽ ഡയറക്ടറുടെയും ഒഴിവ് പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

(ഡി) ഇപ്രകാരം പ്രൊമോഷൻ ലഭിച്ചവർക്ക് റിലിൻക്വിഷ് മെന്റിനുള്ള കാലാവധി അനുവദിച്ചിട്ടാണോ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ആഫീസർ എന്നീ തസ്തികകളിൽ ഉള്ളവർക്ക് പ്രൊമോഷൻ നല്കിയത്; വ്യക്തമാക്കുമോ?

(ഡി) അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ആഫീസർ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിയ ഉത്തരവിൽ റിലിൻക്വിഷ് മെന്റിനുള്ള അപേക്ഷ, ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ആഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച വ്യവസായ വികസന ഓഫീസർമാർ നിർദിഷ്ട കാലപരിധിക്കു മുൻപുതന്നെ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ആഫീസർ തസ്തികയിൽ പ്രവേശിക്കുന്നതിന് വ്യവസായ വികസന ഓഫീസർ തസ്തികയിൽ നിന്നും വിടുതൽ ചെയ്യണമെന്ന് അവരുടെ കൺട്രോളിംഗ് ഓഫീസർമാർക്ക് സമർപ്പണം നൽകുകയുണ്ടായി. ടി വിവരം വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിച്ചതിൽ നിന്നും റിലിൻക്വിഷ് മെന്റിനുള്ള അപേക്ഷ ഒന്നും തന്നെയില്ലായെന്നതുകൊണ്ട് റിലിൻക്വിഷ് മെന്റിനുള്ള കാലപരിധി കാത്തിരിക്കാതെ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ആഫീസർമാർക്കും വ്യവസായ വികസന ഓഫീസർമാർക്കും പ്രൊമോഷൻ നൽകുകയായിരുന്നു.

സെക്ഷൻ ഓഫീസർ